# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത — 30-09-2016 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 1126

## വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.ദിവാകരൻ :<br>ശ്രീ. ജി.എസ്.ജയലാൽ :<br>ശ്രീമതി. ഗീതാ ഗോപി :<br>ശ്രീ. കെ.രാജൻ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതിയുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ; | (എ) കരാർ പ്രകാരം വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ തുടങ്ങാൻ അനുവദിച്ചിട്ടുള്ള കാലയളവ് നാല് വർഷമാണ് (1465 ദിവസം). അതനുസരിച്ച് 2019 ഡിസംബർ 5 -ാം തീയതി പദ്ധതിയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം തുടങ്ങാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അനുവദിച്ചിട്ടുള്ള നിർമ്മാണ കാലയളവ് നാല് വർഷമെന്നിരിക്കെ കൺസഷണയർ പദ്ധതിയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിക്കാനായി ഒരു ആയിരം ദിന ഉത്സുക കർമ്മ പരിപാടി തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) തുറമുഖത്തിനോട് അനുബന്ധിച്ച് ഇന്ത്യൻ നേവി, കോസ്റ്റ് ഗാർഡ് സ്റ്റേഷനുകൾ കേന്ദ്രസർക്കാർ ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും അറിവ് ലഭിച്ചിട്ടുണ്ടോ; | (ബി) ഇന്ത്യൻ നേവിയും കോസ്റ്റ് ഗാർഡും വിഴിഞ്ഞം തുറമുഖത്തോടനുബന്ധിച്ച് അവർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനായി താൽപര്യം അറിയിച്ചു കൊണ്ട് പ്രരംഭ ചർച്ചകൾ സംസ്ഥാന സർക്കാരുമായി നടത്തിയിരുന്നു. എന്നാൽ ഇത് സംബന്ധിച്ച് ഒരു അന്തിമ തീരുമാനമോ അനുമതിയോ കേന്ദ്ര സർക്കാർ നൽകിയില്ല. ഇതിനെ തുടർന്ന് പദ്ധതിയിലെ കാലവിളംബം ഒഴിവാക്കാൻ സംസ്ഥാന സർക്കാർ 01.03.2014 ലെ ഉത്തരവ് നമ്പർ GO (MS) 21/2014/F&PD പ്രകാരം ഇന്ത്യൻ നേവിയുടെയും കോസ്റ്റ് ഗാർഡിന്റെയും പങ്കാളിത്തമില്ലാതെ പദ്ധതിയുമായി മുന്നോട്ട് പോകാൻ തീരുമാനിച്ചു. തുടർന്ന് നേവി, കോസ്റ്റ് ഗാർഡ് എന്നിവർക്ക് ആവശ്യമായ സൗകര്യങ്ങളില്ലാതെ പദ്ധതി രൂപകല്പന ചെയ്യുകയും കൺസഷണയറുമായി കരാർ ഒപ്പുവെയ്ക്കുകയും ചെയ്തു. കൺസഷണയറുമായി കരാർ ഒപ്പു വച്ചതിനുശേഷം നേവി അവർക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതിനായി താൽപര്യം വീണ്ടും പ്രകടിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ആവശ്യത്തിലേക്ക് കൂടുതൽ ഭൂമി കണ്ടെത്തി നൽകേണ്ടിവരുമോ; വ്യക്തമാക്കുമോ ; | (സി) | ഒരുക്കേണ്ട സൗകര്യങ്ങൾ സംബന്ധിച്ച് ഒരു തീരുമാനവും കൈക്കൊണ്ടിട്ടില്ല. തീരുമാനങ്ങൾ എടുക്കുന്നതിന് അനുസൃതമായി ഭൂമിയുടെ ആവശ്യകത നിർണ്ണയിക്കുന്നതായിരിക്കും. |
| (ഡി) | ഈ പദ്ധതി ചെലവിനത്തിൽ ഭൂമിയുടെ വില അടക്കം എത്ര കോടി രൂപ സംസ്ഥാനത്തിന്റേതായി ചെലവഴിച്ചിട്ടുണ്ട് ; പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ സംസ്ഥാന സർക്കാരിന്റെ പങ്ക് വിശദമാക്കുമോ ? | (ഡി) | 592.7 കോടി രൂപയായ ഭൂമിയുടെ വിലയടക്കം ഇതുവരെ 840.5 കോടി രൂപ സംസ്ഥാന സർക്കാർ വിഴിഞ്ഞം തുറമുഖത്തിനായി ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി സംസ്ഥാന സർക്കാർ ഡി ബി എഫ് ഒ റ്റി മാതൃകയിൽ തിരെഞ്ഞെടുക്കപ്പെട്ട കൺസഷണയറായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് മുഖേന വികസിപ്പിക്കുകയാണ്. ഫണ്ടഡ് വർക്കായ ബ്രേക്ക് വാട്ടറിന്റെയും മത്സ്യബന്ധന തുറമുഖത്തിന്റെയും മൊത്തം നിർമ്മാണ തുകയായ 1463 കോടി രൂപ സംസ്ഥാന സർക്കാർ വഹിക്കും. പി പി പി ഘടകത്തിൽ സഹായധനമായ 717.8 കോടി രൂപ നൽകും. കൂടാതെ ബാഹ്യാടിസ്ഥാന സൗകര്യങ്ങളായ ഭൂമി, വൈദ്യുതി, വെള്ളം, റെയിൽ കണക്ടിവിറ്റി എന്നിവയുടെ ചുമതലയും സംസ്ഥാന സർക്കാരിനാണ്. |

**സെക്ഷൻ ഓഫീസർ**